# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ -ടി എസ് ആർ(പി 10)1426/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ -ടി എസ് ആർ(പി 10)1426/2023 തീയ്യതി: 20/09/2023

## തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2023 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 29-07-2023 | 04-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-07-2023 | 04-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ.റ്റി., ഓഡിറ്റ് ഓഫീസർ

ശ്രീമതി സുധ ഇ.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽ കുമാർ കെ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ ഒ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ധന്യ എ. സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.എസ് ബൈജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം.വിജയലക്ഷ്മി | സെക്രട്ടറി | 01-04-2022 | 01-06-2022 |
| മാറ്റ്ലി എം സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-06-2022 | 31-08-2022 |
| എം വിജയലക്ഷ്മി | സെക്രട്ടറി | 01-09-2022 | 07-10-2022 |
| അജിത കെ | സെക്രട്ടറി | 08-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാറ്റ്ലി എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| രേഷ്മ എം.സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷീല വാസു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 28-04-2022 |
| ഡോ.അശ്വിൻ സി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 29-04-2022 | 31-03-2023 |
| അജിത്ത് രാജ് ഇ.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സോന കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.രഘു സി.ബി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ജീന ലാസർ വി.എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഷൈജ എം.വി | വി ഇ ഒ ,നെന്മണിക്കര സർക്കിൾ | 01-04-2022 | 31-03-2023 |
| സൗമ്യ ജോർജ്ജ് കെ | വി ഇ ഒ,തലോർ സർക്കിൾ | 01-04-2022 | 31-03-2023 |
| സിന്ധു.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 01-10-2022 |
| ഷാന ഷാജഹാൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-10-2022 | 07-10-2022 |
| വിൻസെൻ.സി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 08-10-2022 | 31-03-2023 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വാര്‍ഷിക കണക്കില്‍ എല്ലാ പത്രികകളും ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ബാധ്യത തുകകള്‍ തന്‍വര്‍ഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതില്‍ വ്യത്യാസം | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റില്‍ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | "Cheques Deposited But Not Credited" - തുടര്‍നടപടി സ്വീകരിക്കേണ്ടതാണ് | 1-1-4 |
| 6 | Health Grant അക്കൗണ്ട് (അക്കൗണ്ട് നം.52250100003852)വാര്‍ഷികകണക്കില്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ഡെപ്പോസിറ്റ് പ്രവര്‍ത്തികള്‍ക്ക് നല്‍കിയ മുന്‍കൂര്‍ തെറ്റായ ശീര്‍ഷകത്തില്‍ ഉള്‍പ്പെടുത്തി. | 1-1-6 |
| 8 | ഡിമാന്റ് രജിസ്റ്ററിലെ തുകകളും വാര്‍ഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി റെസിഡന്‍ഷ്യല്‍-വാര്‍ഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തുനികുതി നോണ്‍-റെസിഡന്‍ഷ്യല്‍ (തന്‍വര്‍ഷം) -വാര്‍ഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വസ്തുനികുതി കുടിശ്ശിക റെസിഡന്‍ഷ്യല്‍- വാര്‍ഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വസ്തുനികുതി കുടിശ്ശിക നോണ്‍-റെസിഡന്‍ഷ്യല്‍- ഡിമാന്റ് | 1-1-11 |
| 13 | വസ്തുനികുതി മുന്‍കൂര്‍തുക-വാര്‍ഷികകണക്കിലേയും ഡി.സി.ബി രജിസ്റ്ററിലേയും തുകകള്‍ പൊരുത്തമില്ല. | 1-1-12 |
| 14 | മുന്‍കൂറായി ലഭിച്ച വരുമാനങ്ങള്‍ ഡിമാന്റ് രജിസ്റ്ററില്‍ ചേര്‍ത്ത് വാര്‍ഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | വാര്‍ഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയില്‍ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റര്‍ കാലികമാക്കിയിട്ടില്ല | 1-1-15 |
| 17 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല | 1-1-16 |
| 18 | ജേണല്‍ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയില്‍ അനുബന്ധ രേഖകള്‍ ഇല്ല | 1-1-17 |
| 19 | ലെഡ്ജര്‍ ബാലന്‍സുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മില്‍ പ്രതിമാസം | 1-1-18 |

| | | |
|---|---|---|
| | പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | |
| 20 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-19 |
| 21 | ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-1-20 |
| 22 | Income And Expenditure Account പത്രിക പ്രകാരം Prior Period Items ക്രമീകരിച്ചതിനുശേഷമുള്ള Gross Surplus/deficit Of Income Over Expenditure കണക്കാക്കിയതിൽ ഗണിതക്രിയയിൽ വ്യത്യാസം. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമപെൻഷനുകൾ | 1-6 |
| 28 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 30 | നികുതി നികുതിയേതര വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം | 1-9 |
| 31 | കെട്ടിടങ്ങളുടെ ക്രമവത്കരണ ഫയലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ | 1-10 |
| 32 | ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തുന്നതിനാൽ വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടത്തിന് സാധ്യത | 1-11 |
| 33 | കാത്തലിക്ക് സിറിയൻ ബാങ്കിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് ഡിമാന്റ് ചെയ്തു. | 1-12 |
| 34 | ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം- പുതിയ നിരക്കിൽ വാടക നിശ്ചയിച്ച് തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. | 1-13 |
| 35 | വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-14 |
| 36 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-15 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-16 |
| 38 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |
| 39 | എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. | 1-18 |
| 40 | കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 1-19 |
| 41 | പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ട സേവനങ്ങളിൽ വരുന്ന പ്രവർത്തിക്ക് ജി എസ് ടി നൽകി. | 1-20 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യപത്രിക -സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.23 തീയതിയിലെ 1/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ
തീയതി : 20.09.2023
തൃശ്ശൂർ.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,

1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

1-1-2 ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് ഉള്ളതും എന്നാൽ തൻവർഷ ട്രയൽ ബാലൻസിൽ മുന്നിരിപ്പ് തുകയിൽ വ്യത്യാസമുള്ളതുമായ ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | 2021-22ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | ഹെഡ് കോഡ് | ശീർഷകം | 2021-22ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|---|---|---|
| 1 | B-1 | 310100101 | Panchayat Fund - General Fund | 2329609 | 2347484 |
| 2 | B-7 | 340200102 | Auction Deposit | 17875 | 0 |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1493298 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18895786 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

1-1-4 “Cheques Deposited But Not Credited” - തുടർനടപടി സ്വീകരിക്കേണ്ടതാണ്

SBI E-payment അക്കൗണ്ടിന്റെ (A/c No-37167039332) 31/03/23 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 6614 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

## 1-1-5 Health Grant അക്കൗണ്ട് (അക്കൗണ്ട് നം.52250100003852)വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

Health Grant നായി ഒല്ലൂർ ബാങ്ക് ഓഫ് ബറോഡ ബ്രാഞ്ചിൽ 19.05.2022 ന അക്കൗണ്ട് (A/c No-52250100003852) ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

## 1-1-6 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ മുൻകൂർ തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് മാത്രം അതത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. താഴെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവിധ പദ്ധതി പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയത് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകത്തിൽ രേഖപ്പെടുത്താതെ തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയതിന്റെ വിവരം ചേർത്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 207/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42201305/ 28.03.23 | 20780- | 251200001-Electric Line-Post Re-Arrangement | 460500202-Advance To Implementing Agencies-KSEB |
| 2 | 150/23 അറയ്ക്കപ്പാടം പാടശേഖര സമിതിയിൽ സ്ഥാപി ച്ചിട്ടുള്ള പമ്പ് ഹൗസി ലേക്ക് മോട്ടോർ കണക്ഷൻ സ്ഥാപിക്കൽ | 42201029/ 22.09.22 | 76134 | 413101005-Lift Irrigation-One Time Charge For Getting Electric Connection Of Irrigation Schemes For Public Use | |
| | | 42201049/ 12.10.22 | 3866 | | |
| 3 | 53/23 തണൽ കോംപ്ലക്സിലെ കുഴൽ കിണറിൽ മോട്ടോർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ - സ്പിൽ ഓവർ (ധനകാര്യ | 22201059/ 31.03.23 | 42790 | 460500201-Advance To Implementing Agencies – KWA | 460500204 -Advance To Implementing Agencies-GWD |
| | | 22201060/ 31.03.23 | 23635 | | |

| | | | | | |
|---|---|---|---|---|---|
| | കമ്മീഷൻ അവാർഡ്) | | | | |
| 4 | 52/23 വിവിധ അങ്കണവാടി കളിലേക്ക് കുഴൽ കിണർ നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും -സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ അവാർഡ്) | 22201006/ 18.03.23 | 93648 | 414170005- CONSTRUCTION OF BOREWELL AND INSTALLATION OF MOTOR TO VARIOUS ANGANVADIS | 460500204 -Advance To Implementing Agencies- GWD |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

### 1-1-7 ഡിമാന്റ് രജിസ്റ്ററിലെ തുകകളും വാർഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ശീർഷകം കോഡ് | ഡിമാന്റ് | കളക്ഷൻ (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|---|
| ലേലം (മണ്ണ്) | 150100199 | 9020 | 8570* | 9020 |
| ലേലം (വാഹനം) | 150120103 | 171000 | 142780 | രജിസ്റ്റർ എഴുതിയിട്ടില്ല |

* 450/- രൂപ Auction Deposit എന്ന ശീർഷകത്തിലാണ് വരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

### 1-1-8 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി

പരിഹരിക്കേണ്ടതാണ്.

വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2454886 | 2443145 | 13055 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2454886 | 2434087 | 13055 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(0 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 9058രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.
3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
4. വാർഷിക കണക്കിൽ 7744/ – രൂപ ലൈബ്രറി സെസ്സിനത്തിൽ കൃത്രിമമായി പൊരുത്തപ്പെടുത്തിയാണ് നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത്. ആയത് പരിശോധിക്കപ്പെടേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

## 1-1-9 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം) -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർപ്രകാരം | 3662536 | 3526445 | 16628 | 122382 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3662536 | 3528098 | 16628 | *122384 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(128503 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 1653രൂപ കുറവാണ് പോസ്റ്റിംഗ് വന്നത്. അതായത് രസീതിൽ ചേർത്തത് സഞ്ചയ സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടക്കാതിരുന്നതായി കാണുന്നു. ഇത്

പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
4. വാർഷിക കണക്കിൽ 10693/- രൂപ ലൈബ്രറി സെസ്സിനത്തിൽ കൃത്രിമമായി പൊരുത്തപ്പെടുത്തിയാണ് നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത്. ആയത് പരിശോധിക്കപ്പെടേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/01.08.23)

## 1-1-10 വസ്തുനികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8646 | 8648 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *0 | 8648 | **0 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-11 വസ്തുനികുതി കുടിശ്ശിക നോൺ-റെസിഡൻഷ്യൽ- ഡിമാന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 623825 | 76924 | 546901 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 554562 | 76924 | 546911 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(136536+445754 (582290)/105*100=554562) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | **(574257/105X100)=546911, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-12 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കിലേയും ഡി.സി.ബി രജിസ്റ്ററിലേയും തുകകൾ പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 112855 | 302964 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 92781 | 112055 |

1-1-13 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 396370 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 351400 |

1-1-14 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 |
|---|---|

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 3. | 320100153 | Panchayath Yuva Krida Aur Khel Abhiyan | 152043 |
| 5 | 320100190 | Vimukti Grant | 12180 |
| 6 | 320100199 | Keralolsavam | 5810 |
| 9 | 320800101 | Beneficiary Contributions | 2047994 |

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-16 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 143 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. 2022-23 വർഷം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | വസ്തുനികുതി (റസിഡൻഷ്യൽ) | 110100101-Receivables For Property Tax On Residential Buildings(Current) | 2454886 | 31.03.23 | 431100101 |
| 2 | വസ്തുനികുതി(നോൺ റസിഡൻഷ്യൽ) | 110100102-Receivables For Property Tax On Non Residential Buildings(Current) | 3662536 | 31.03.23 | 431100103 |
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(കെട്ടിടങ്ങൾ) | 130100101-Rent From Building | 259058 | 31.03.23 | 42201342 |

ഈ ഡിമാന്റ് എൻട്രികൾക്കു സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-17 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-18 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ(ട്രേഡേഴ്സ്)

4. വാടക ഡിമാന്റ് രജിസ്റ്റർ

5. FACTEOS ലൈസൻസ് രജിസ്റ്റർ

### 1-1-19 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-20 ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-21 Income And Expenditure Account പത്രിക പ്രകാരം Prior Period Items ക്രമീകരിച്ചതിനുശേഷമുള്ള Gross Surplus/deficit Of Income Over Expenditure കണക്കാക്കിയതിൽ ഗണിതക്രിയയിൽ വ്യത്യാസം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 115937982 |
| ആകെ ചെലവ് (B) | | 98552063 |
| മിച്ചം തുക C= A-B | | 17385919 |
| Prior Period Income | -1404719 | |
| Prior Period Expenditure | 104200 | |
| Net Difference Between Prior Period Income And Expenses ( D ) | | -1508919 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 15877000 |
| 31/3/23ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | | 21528304.15 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 15877000 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് വരേണ്ടിയിരുന്നത് | | 21528304.15+ 15877000= 37405304.15 |

കുറിപ്പ്- ഓഡിറ്റിന് ILGMS മൊഡ്യൂളിൽ ലഭ്യമാക്കിയ Income And Expenditure Account പ്രകാരം വരുമാനം, ചെലവ് എന്നിവയിൽ വ്യത്യാസമില്ലെങ്കിലും മിച്ച തുകയായി കണക്കാക്കിയിരിക്കുന്നത് 18686438 രൂപയാണ്. Prior Period Items വ്യത്യാസം (D) കണക്കാക്കിയത് -1300519 രൂപയാണ്. മിച്ച തുകയും, Prior Period Items വ്യത്യാസവും കണക്കാക്കിയതിലും ഗണിത ക്രിയയിൽ വ്യത്യാസം വന്നതായി കാണുന്നു. ആയതിനാൽ 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101 - Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തെറ്റായാണ് കണക്കാക്കിയത്. സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-3-2022 | 1/1 | 204098947 | 197616000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 2-3-2023 | 1 | 202505147 | 196022200 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 13223302 | 13223302 | 11419721 | 1803581* |
| വികസനഫണ്ട്-എസ് സി പി | 0 | 4772571 | 4772571 | 4772571 | 0* |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | 0* |
| മെയിന്റനൻസ് റോഡ് | 0 | 8551000 | 8551000 | 6954812 | 1596188* |
| മെയിന്റനൻസ്-നോൺറോഡ് | 0 | 4570000 | 4570000 | 4213685 | 356315* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ്(ട്രഷറി സ്പിൽ ഓവർ) | 0 | 619595 | 619595 | 501922 | 117673* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ്(ബാങ്ക്) | 1706928 | 3572000 | 5278928 | 3259846 | 2019082** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ബേസിക്(ട്രഷറി-സ്പിൽ ഓവർ) | 0 | 30339 | 30339 | 20780 | 9559* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ബേസിക്(ബാങ്ക്) | 69492 | 2465975(പലിശ ഉൾപ്പെടെ) | 2535467 | 2285168 | 250299** |

ഫണ്ട് വിനിയോഗം സംബന്ധിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പഞ്ചായത്തിൽ നിന്നും ഹാജരാക്കിയില്ല. എ സി ആർ/ബാങ്ക് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ബി4 , ഷെഡ്യൂൾ പ്രകാരം വിവിധ ഏജൻസികളിൽ നിന്നുംഗ്രാന്റ് ലഭിച്ചതിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ACR എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 212 | 6,99,42,523 | 179 | 4,83,89,221 | 69.18% | 84.43% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.9 | 602958.50 | 602959.40 | 602959 | 0.40 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 7317754 | 7317754 | 7317754 | |
| മെറ്റീരിയൽകോസ്റ്റ് | | 2153682 | 2153682 | 2153682 | |
| ആകെ | 0.90 | 10074394.50 | 10074395.40 | 10074395 | 0.40 |

*തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് '0' ആണ്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2578600 | 227 |
| വിധവാ പെൻഷൻ | 11374000 | 1020 |
| വാർദ്ധക്യകാല പെൻഷൻ | 20636400 | 1939 |
| വികലാംഗ പെൻഷൻ | 3205800 | 290 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1058000 | 97 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-7 ആഭ്യന്തരനിയന്ത്രണം

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടുണ്ട്. നിർവഹണത്തിലെ പോരായ്മകൾ പരാമർശങ്ങളായി ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-08-2023 തീയതിയിൽ 11:40 AM ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35604/- രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-9 നികുതി നികുതിയേതര വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നൽകുകയോ ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. എന്നാൽ വസ്തു നികുതി പിരിവിന്റെ ഡിമാന്റ് പിരിവ് അവലോകന യോഗം രണ്ട് അർദ്ധ വർഷത്തിലും നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാംപ് കളക്ഷൻ നടത്തുന്നുണ്ട്. പിരിവിന്റെയും നികുതിയിതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നുണ്ട്. കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വസ്തുനികുതി

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ ഭരണ സമിതി 17.06.2021 തീയതിയിലെ 11-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. എങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയത് ഐ.കെ.എം.നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.23 മുതൽ) നികുതി ഈടാക്കുന്നില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റ് ലോക്ക് ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2013 വസ്തു നികുതി പരിഷ്കരണത്തിനു ശേഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ റോഡിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി നിലവിൽ നടന്നുവരുന്നു.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്തിയിട്ടില്ല. നിർമാണം പൂർത്തീകരിച്ച് ക്രമവത്കരണം നടത്തുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. ആയതിന് തുടർ നടപടി സ്വീകരിക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്കെതിരെയുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പരുകൾ നല്കിയതായും കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപനപ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സ.ഉ. 53/2020 ത.സ്വ.ഭ. വ. തീയതി 08.09.2020 പ്രകാരമുള്ള റെസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുള്ള വസ്തു നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്താനുമതി നല്കിയിട്ടില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തപ്പെടുന്നില്ല. മേൽ സൂചിത ഇനങ്ങളിൽ നിന്നും വിനോദസഞ്ചാരസാധ്യതകൾ ഉള്ള സ്ഥലങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടില്ല.

വാടക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 9 മുറികൾ ഉള്ളതിൽ 7 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബലക്ഷയം മൂലവും പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ടും പഴയ കെട്ടിട മുറികൾ പൊളിച്ച് പുതിയതായി കെട്ടിട നിർമാണം നടത്താൻ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ നിരക്കിൽ വാടക നിശ്ചയിച്ച് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 കെട്ടിടങ്ങളുടെ ക്രമവത്കരണ ഫയലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ

കെട്ടിടങ്ങളുടെ ക്രമവത്കരണ ഫയലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

I) ഫയൽ നം. 2056/22

നിർമല, ചീനപ്പിള്ളി, പുതുക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹത്തിന്റെ കൂട്ടിച്ചേർത്ത ഭാഗം ക്രമവത്കരിക്കുന്നതിന് 27.09.2022 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ | 59.03 M2 |
| നിലവിലുള്ള ഫസ്റ്റ് ഫ്ലോർ | 6.40$m^2$ |
| കംപ്ലീറ്റഡ് ഫസ്റ്റ് ഫ്ലോർ (കൂട്ടിച്ചേർത്ത കെട്ടിടഭാഗം) | 20.55 $M^2$ |
| ആകെ | 85.98 $M^2$ |

നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ- 6/102 A.

ടി കെട്ടിടത്തിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയതിനു ശേഷം 'KBPR 2019 ചട്ടം 6(4) പ്രകാരം സൈറ്റ് പ്ലാനിൽ നാലതിരുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അപാകത പരിഹരിച്ച് ഫയൽ പുനർ സമർപ്പിക്കേണ്ടതാണ്' എന്ന് 03.10.2022 ൽ അറിയിപ്പ് നല്കിയിട്ടുണ്ട്. അറിയിപ്പ് നല്കിയതിനു ശേഷം നാളിതുവരെ അപാകതകൾ പരിഹരിച്ച് ഫയൽ പുന:സമർപ്പിച്ചിട്ടില്ല. ടി കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതിന്റെ വിവരവും ആയതനുസരിച്ച് വസ്തു നികുതി നിർണയിച്ചതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

II) ഫയൽ നം. 1951/22

ശ്രീ. റപ്പായി കുണ്ടുകുളം വീട്, തലോർ പി.ഒ. എന്നവരുടെ ഉടമസ്ഥതയിലുള്ള നെന്മണിക്കര വില്ലേജ്- 628/1-68 സർവ്വേ നമ്പറിൽ ഉൾപ്പെട്ട വാണിജ്യാവശ്യത്തിനുള്ള കെട്ടിടഭാഗങ്ങൾ കൂട്ടിച്ചേർത്തത് ക്രമവത്കരിക്കുന്നതിന് 19.09.2022 ൽ അപേക്ഷ നൽകിയിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ | 529.88 M2 |
| നിലവിലുള്ള ഫസ്റ്റ് ഫ്ലോർ | 224.04 $M^2$ |
| കംപ്ലീറ്റഡ് ഫസ്റ്റ് ഫ്ലോർ (കൂട്ടിച്ചേർത്ത കെട്ടിടഭാഗം) | 305.84 $M^2$ |
| നിലവിലുള്ള സെക്കന്റ് ഫ്ലോർ | 109.00 |
| ആകെ വിസ്തീർണം | 1168.76 $M^2$ |

കെട്ടിട ഉടമസ്ഥൻ 16.09.2022 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ടിയാന്റെ ഉടമസ്ഥതയിൽ 19 കെട്ടിടങ്ങൾ ഉണ്ടെന്നും (I/242 മുതൽ I/256 വരെ) ടി കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 833.29 ച.മീറ്ററാണെന്നും എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം 862.93 (529.88+224.04+109.00) ച.മീറ്ററാണെന്നും സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

17.10.2022 ലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് പ്രകാരം താഴെ ചേർക്കുന്ന ന്യൂനതകൾ അറിയിച്ചിട്ടുണ്ട്.

1. KPBR 2019 ടേബിൾ 1 പ്രകാരം അനുവദനീയമായ കെട്ടിട രേഖ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ആവശ്യമായ പാർക്കിംഗ്(ആവശ്യമുള്ളത്-10, ലഭ്യമായത് -6), ഇരു ചക്ര പാർക്കിംഗ് (ആവശ്യമുള്ളത്- 13, ലഭ്യമായത് -10) ലഭ്യമല്ല.

3. മതിയായ ശുചീകരണ സംവിധാനമില്ല.

4. ഭിന്ന ശേഷിക്കാർക്കുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

5. ഫയർ എൻ.ഒ.സി ഹാജരാക്കിയിട്ടില്ല.

6. ടെലികമ്മ്യൂണിക്കേഷൻ ടവറിന് വേണ്ടി വിട്ടുകൊടുത്ത സ്ഥലം പ്ലോട്ട് വിസ്തീർണത്തിൽ നിന്നും കുറക്കേണ്ടതാണ്.

7. നിലവിലുള്ള കെട്ടിട നമ്പർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

8. രണ്ടാം നില പൂർണമായും ഷീറ്റ് മറച്ചിട്ടുണ്ട്. ആയത് കെട്ടിടത്തിന്റെ വിസ്തീർണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. ആവശ്യമായ സെറ്റ്ബാക്ക്, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക് എന്നിവ ഇല്ല.

10. പഞ്ചായത്തിന്റെ നിലവിലുള്ള അസസ്മെന്റ് രേഖകൾ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം സമർപ്പിച്ച പ്ലാനിൽ നിന്നും വ്യത്യാസമുള്ളതായി കാണുന്നു.

മേൽ ന്യൂനതകൾ പരിഹരിച്ച് ഫയൽ പുന:സമർപ്പിക്കാൻ 17.10.2022ൽ കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് നാളിതുവരെ ക്രമവത്കരണ അപേക്ഷ സമർപ്പിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ലിയു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതു വരെ 235 എഐ പ്രകാരം നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടത്തിന് ബാധകമായ നികുതി നിർണയിച്ച് ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III) ഫയൽ നം. SC1-3616/23

ശ്രീ. ജോൺസൺ & ശ്രീമതി ലിസ്സി, മാറോക്കി വീട്, പുലക്കാട്ടുകര എന്നവരുടെ ഉടമസ്ഥതയിലുള്ള റെസിസൻഷ്യൽ & ഇൻഡസ്ട്രിയൽ (കാറ്ററിംഗ് യൂണിറ്റ്) കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് 14.03.2023 ൽ അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട ഉടമസ്ഥൻ 25.02.2023ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ(റെസിഡൻഷ്യൽ) | 78.00 M2 |
| പൂർത്തീകരിച്ച /കൂട്ടിച്ചേർത്ത ഗ്രൗണ്ട് ഫ്ലോർ (റെസിഡൻഷ്യൽ ) | 29.81 $M^2$ |
| പൂർത്തീകരിച്ച/കൂട്ടിച്ചേർത്ത ഗ്രൗണ്ട് ഫ്ലോർ (ഇൻഡസ്ട്രിയൽ ) | 70.01 $M^2$ |
| പൂർത്തീകരിച്ച /കൂട്ടിച്ചേർത്ത ഗ്രൗണ്ട് ഫ്ലോർ (ഇൻഡസ്ട്രിയൽ ടോയ്ലറ്റ് ) | 3.78 $M^2$ |
| ആകെ വിസ്തീർണം | 181.60 $M^2$ |

പ്ലോട്ടിൽ നിലവിലുള്ള കെട്ടിട നം. - 4/63

ടി കെട്ടിടത്തിന്റെ സ്ഥലപരിശോധനാ റിപ്പോർട്ടിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ്, പാർക്കിംഗ് ന്യൂനത എന്നിവ അറിയിച്ചിട്ടുണ്ട്. കൂടാതെ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ട്രസ്സ് ഏരിയ (മുൻവശത്തും വശങ്ങളിലും മുകളിലെ നിലയിലും) ഉൾപ്പെടുത്താതെയാണ് ഡ്രോയിംഗ് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള കാറ്ററിംഗ് യൂണിറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ആയതിന് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്. ടി അനധികൃത കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

IV) ഫയൽ നം SC1-3240/22

ശ്രീ. രാമചന്ദ്രൻ, കാര്യങ്ങാടൻ വീട് എന്നവരുടെ വാസഗൃഹ കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിന് 22-11-2022 ൽ അപേക്ഷ നൽകിയിട്ടുണ്ട്.

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം

| നില | ബിൽറ്റ് അപ്പ് വിസ്തീർണം |
|---|---|
| നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ(റെസിഡൻഷ്യൽ) | 115.00 M2 |
| പൂർത്തീകരിച്ച/കൂട്ടിച്ചേർത്ത ഗ്രൗണ്ട് ഫ്ലോർ( റെസിഡൻഷ്യൽ ) | 10.50 $M^2$ |
| പൂർത്തീകരിച്ച/കൂട്ടിച്ചേർത്ത ഫസ്റ്റ് ഫ്ലോർ( റെസിഡൻഷ്യൽ ) | 73.5 $M^2$ |
| ആകെ വിസ്തീർണം | 199.00 $M^2$ |

പ്ലോട്ടിൽ നിലവിലുള്ള കെട്ടിട നം. -3/126

റവന്യൂ രേഖകൾ പ്രകാരം സ്ഥലം 'നിലം' വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണെന്ന് 23.11.2022 ൽ അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമാണം ക്രമവത്കരിച്ചതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 7/02.08.2023)

ഓഡിറ്റ് എൻക്വയറി നൽകിയതിന് വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തുടർ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്.

ക്രമവത്കരണ അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ച് നികുതി നിർണയിക്കാത്ത പക്ഷം (നിലവിൽ കെട്ടിടം പൂർത്തീകരിച്ചതിനാൽ) പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തു നികുതിയിനത്തിൽ വരുമാന നഷ്ട സാധ്യത കൂടുതലാണ്. ഫീൽഡ് സന്ദർശനം നടത്തി മറ്റ് അനധികൃത നിർമാണങ്ങൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഒരേ ഉപയോഗത്തിനുള്ള കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തുന്നതിനാൽ വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടത്തിന് സാധ്യത

ഒരേ ഉപയോഗത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത കെട്ടിടങ്ങളായി വസ്തുനികുതി നിർണയം നടത്തിയതിന്റെ ഉദാഹരണം ചുവടെ ചേർക്കുന്നു.

ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമനം.278 ആയി ബാർ /ഹോട്ടൽ എന്ന ഉപയോഗത്തിന് ലൈസൻസ് നൽകിയിട്ടുള്ള( കെട്ടിട ഉടമ – ബൈജു ഗോപാലൻ, ശ്രീ ഗോകുലം വില്ല, കോഴിക്കോട്) കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിന്റെ വസ്തു നികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉപയോഗം | തറ വിസ്തീർണം (ച.മീ.) | സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയ വിനിയോഗത്തിന്റെ തരം | ഈടാക്കിയ നിരക്ക് |
|---|---|---|---|---|---|
| 1 | 5/562 | ബാർ/ഹോട്ടൽ | 112 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 2 | 5/563 | | 112 | ” | 40 |
| 3 | 5/564 | | 112 | ” | 40 |
| 4 | 5/565 | | 112 | ” | 40 |
| 5 | 5/566 | | 112 | ” | 40 |

| | | | | |
|---|---|---|---|---|
| 6 | 5/567 | 112 | ” | 40 |
| 7 | 5/568 | 150 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 |
| 8 | 5/569 | 112 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| 9 | 5/570 | 112 | ” | 40 |
| 10 | 5/571 | 75 | ” | 40 |
| 11 | 5/572 | 85 | ” | 40 |
| 12 | 5/573 | 85 | ” | 40 |
| 13 | 5/574 | 112 | ” | 40 |
| 14 | 5/575 | 150 | ” | 40 |
| 15 | 5/576 | 85 | ” | 40 |
| 16 | 5/577 | 85 | ” | 40 |
| 17 | 5/578 | 112 | ” | 40 |
| 18 | 5/579 | 85 | ” | 40 |
| 19 | 5/580 | 85 | ” | 40 |
| 20 | 5/581 | 85 | ” | 40 |
| 21 | 5/582 | 112 | ” | 40 |
| 22 | 5/583 | 112 | ” | 40 |
| 23 | 5/584 | 112 | ” | 40 |
| 24 | 5/585 | 112 | ” | 40 |
| 25 | 5/586 | 125 | ” | 40 |
| 26 | 5/587 | 75 | ” | 40 |
| 27 | 5/588 | 125 | ” | 40 |
| 28 | 5/589 | 150 | ” | 40 |
| 29 | 5/590 | 112 | ” | 40 |
| 30 | 5/591 | 125 | ” | 40 |
| 31 | 5/592 | 125 | ” | 40 |
| 32 | 5/593 | 75 | ” | 40 |
| 33 | 5/594 | 112 | ” | 40 |
| | ആകെ തറവിസ്തീർണം | 3562 | | |

മേൽ കെട്ടിടത്തിൽ ബാർ/ഹോട്ടൽ വ്യാപാരത്തിനാണ് 5/562 മുതൽ 5/594 വരെയുള്ള കെട്ടിടമുറികൾ ഉപയോഗിക്കുന്നത്. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ- വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലോ, വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ

ഉടമസ്ഥതയിലാണെങ്കിൽ തക്കതായ കാരണങ്ങളാൽ പ്രത്യേക നമ്പരുകൾ നല്കിയിട്ടുണ്ടെങ്കിലോ മാത്രമാണ് ഓരോ ഭാഗങ്ങളെയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി വസ്തു നികുതി ചുമത്താവുന്നത്. (2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ- ചട്ടം 3(4), 3(5))
മേൽ സൂചിത കെട്ടിടങ്ങളെ തെറ്റായ/ കുറഞ്ഞ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിലവിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ളത്.

സ.ഉ.(അ) നം. 25/2023 ത.സ്വ.ഭ.വ. തീയതി 05.04.2023 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ അഞ്ചു വർഷ കാലയളവ് വരെ തുടർന്നുള്ള ഓരോ വർഷവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ അഞ്ചു ശതമാനം വീതം വർദ്ധനവ് വരുത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 12/ 04.08.2023) നൽകിയതിന് മേൽ കെട്ടിടങ്ങളെ ഒരു കെട്ടിടമായി കണക്കാക്കി ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർ നിർണയിക്കുന്നതാണെന്നും ഇത്തരത്തിൽ മറ്റ് കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി നിർണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ കെട്ടിടങ്ങളിൽ ഒരേ വ്യാപാരം നടത്തുന്നതിനാൽ ആയതിനെ ഒരു കെട്ടിടമായി കണക്കാക്കി പുതിയ വിജ്ഞാപനം പ്രകാരമുള്ള ബാധകമായ ഉപയോഗ ക്രമത്തിൽ നികുതി നിർണയിക്കേണ്ടതും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് സന്ദർശനം നടത്തി ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ കണ്ടെത്തി ബാധകമായ ഉപയോഗ ക്രമത്തിൽ നികുതി നിർണയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നികുതി വരുമാനത്തിൽ വൻ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുള്ളതിനാൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 കാത്തലിക്ക് സിറിയൻ ബാങ്കിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് ഡിമാന്റ് ചെയ്യു.

കാത്തലിക്ക് സിറിയൻ ബാങ്കിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | മറ്റു അലവൻസുകൾ | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| എമിൽ ഡേവിസ് | ബ്രാഞ്ച് മാനേജർ | 33369 | 60000 | 260214 | 500 | 1250 | 750 |
| ഷൈമ ജേക്കബ് | BOM | 52000 | 50000 | 362000 | 250 | 1250 | 1000 |
| നികിത | BDE | 17001 | 3000 | 105006 | 880 | 1000 | 120 |
| ലിഡിയ | CRO | 12000 | 3000 | 75000 | 450 | 750 | 300 |
| ലിനോയ് | ടെല്ലർ | 50000 | 10000 | 340000 | 500 | 1250 | 750 |
| വിവേക് | CRO | 12000 | 3000 | 75000 | 450 | 750 | 300 |
| ഷെനിൽ | CRO | 12000 | 3000 | 75000 | 450 | 750 | 300 |
| | | | | | | | 3520 |

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ൽ 1മുതൽ 8 വരെയുള്ള സ്ലാബുകളിൽ ഈടാക്കേണ്ട പരമാവധി തൊഴിൽ നികുതി പട്ടികപ്പെടുത്തിയിട്ടുണ്ട്. അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു മാത്രമല്ല പട്ടിക പ്രകാരമുള്ള പരമാവധി നിരക്കിൽ ഉൾപ്പെടാത്ത തുകകൾ (250, 500, 880 രൂപ) ഈടാക്കിയതായി കാണുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.8/02.08.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന 3520 രൂപ

പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

## 1-13 ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം- പുതിയ നിരക്കിൽ വാടക നിശ്ചയിച്ച് തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 9 മുറികൾ ഉള്ളതിൽ 7 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബലക്ഷയം മൂലം 2 മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് പഴയ കെട്ടിട മുറികൾ പൊളിച്ച് നീക്കി പുതിയതായി കെട്ടിട നിർമാണം നടത്താൻ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട് (ഭരണ സമിതി തീരുമാനം 11.05.2022 നം. 1/2). പുതിയ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ നിരക്കിൽ വാടക നിശ്ചയിച്ച് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ വിവിധ ഏജൻസികൾക്ക് തുക മുൻകൂർ നിക്ഷേപമായി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ടുകൾ പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | കൈമാറിയ തുക (₹) |
|---|---|---|---|---|
| 1 | 109/23 ഐ.കെ.എം. സാങ്കേതിക സഹായ ത്തിനുള്ള ഫീസ് (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം | 42201021/ 31.08.22 | 57,461 |
| | | | 42201307/ 28.03.23 | 6,367 |
| 2 | 142/23 കേരള സോഷ്യൽ സെക്യൂരിറ്റി മിഷനി ലേക്ക് തുക നൽകുന്നത് (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം | 42201165/ 11.01.23 | 1,00,000 |
| 3 | 138/23 എസ്.എസ്.എ വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | സമഗ്ര ശിക്ഷ ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർ, ബി.ആർ.സി. കൊടകര | 42201022/ 31.08.22 | 3,00,000 |
| 4 | 253/23 അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് നടത്തിപ്പിനായി ശുചിത്വമിഷന് വിഹിതം കൈമാറൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ,കേരള. | 22201002/ 18.03.23 | 25,000 |
| 5 | 231/23 അങ്കണവാടി കളിൽ കുടിവെള്ള | ജില്ല ഓഫീസർ, ഭൂജല വകുപ്പ്,തൃശ്ശൂർ | 22200997/ 18.03.23 | 5,805 |

| | | | | |
|---|---|---|---|---|
| | കിണർ ബോർവെൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | | | |
| 6 | 53/23 തണൽ കോംപ്ലക്സിലെ കുഴൽ കിണറിൽ മോട്ടോർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ -സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ അവാർഡ്) | ജില്ല ഓഫീസർ, ഭൂജല വകുപ്പ്, തൃശ്ശൂർ | 22201059/ 31.03.23 | 42,790 |
| | | | 22201060/ 31.03.23 | 23,635 |
| 7 | 52/23 വിവിധ അങ്കണവാടികളിലേക്ക് കുഴൽ കിണർ നിർമ്മി ക്കലും മോട്ടോർ സ്ഥാപിക്കലും -സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ അവാർഡ്) | ജില്ല ഓഫീസർ, ഭൂജല വകുപ്പ്, തൃശ്ശൂർ | 22201006/ 18.03.23 | 93,648 |
| 8 | 50/23 കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ – പഞ്ചായ ത്തിലെ വിവിധ വാർഡു കളിൽ ജി.ഐ പൈപ്പ് മാറ്റി സ്ഥാപിക്കൽ -സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ അവാർഡ്) | അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കട. | 22200162/ 06.07.22 | 15,90,000 (ആയതിൽ 983269/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ബാക്കി 606731/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്) |
| 9 | 165/23 നഗര സഞ്ചയ – കേരള വാട്ടർ അതോറിറ്റി മുഖേന നിലവിലുള്ള പൈപ്പ് മാറ്റി സ്ഥാപി ക്കൽ (മറ്റുള്ളവ – കോർപ്പറേഷൻ ഫണ്ട്) | അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കട. | 22201012/ 22.03.23 | 30,00,000 |
| 10 | 207/23 ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -രണ്ടാം ഘട്ടം (ധനകാര്യ കമ്മീഷൻ അവാർഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മരത്താക്കര | 42201305/ 28.03.23 | 12,910 |
| 11 | 150/23 അറയ്ക്കപ്പാടം പാടശേഖര | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, | 42201029/ 22.09.22 | 76,134 |

| | | | | |
|---|---|---|---|---|
| | സമിതിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ്ഹൗസിലേക്ക് മോട്ടോർ കണക്ഷൻ എടുക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക കൈമാറൽ | ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ. | | |
| | | | 42201049/ 12.10.22 | 3,866 |
| 12 | 54/23 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ -രണ്ടാം ഘട്ടം -സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ അവാർഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഒല്ലൂർ. | 22200601/ 10.11.22 | 2,58,895 |

പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.6/02.08.2023)

## 1-15 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 12/2023 |
| പ്രൊജക്റ്റ് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| വൗച്ചർ നമ്പർ, തുക | 42201103/03.12.2022 - 2,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ഹോംകോയിലേയ്ക്ക് 7-12-2022 ന് 200000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/38.2023) ലഭ്യമാക്കിയ മറുപടിയിൽ ഹോംകോയുമായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ഏർപ്പെട്ട നിർദ്ദിഷ്ട എഗ്രിമെന്റ് (HCD/SA/507/2023 Dated 31-01-2023) പ്രകാരം മരുന്നുകൾ 9 മാസത്തിനുള്ളിൽ ലഭ്യമാക്കാം എന്നാണ് പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ വേഗത്തിൽ ലഭിക്കുന്നതിനുവേണ്ടി നിരന്തരം ബന്ധപ്പെടുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

## 1-16 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 149/23 |
| പ്രൊജക്റ്റ് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ട്രഷറി ബിൽ നമ്പർ, തുക | 10/23.01.23 – 2,00,000 (വികസന ഫണ്ട് - പൊതുവിഭാഗം) |
| വൗച്ചർ നമ്പർ | 42201181/09.01.23 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2022-23 വർഷത്തിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ ഒരു കന്നുകുട്ടിയ്ക്ക് 12500 രൂപ വീതം 16 ഗുണഭോക്താക്കൾക്കായി എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്ന പാഴായി സൊസൈറ്റിയുടെ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ കൊച്ചമ്മിണി, കുണ്ടുപറമ്പിൽ ഹൗസ് എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി മരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ തുടരാൻ സാധിക്കാത്തവരുടെ വിഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1) മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഉപയോഗപ്പെടുത്തി പ്രോജക്ട് നമ്പർ 2/23 ൽ നെന്മണിക്കര കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 170806 രൂപ (PF No. 3496 Dated 10-1-23) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട് (ബിൽ നം,64/13.3.23). 117605 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ഇനി ബാക്കി 53201 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പൊതുവിഭാഗം - സാധാരണവിഹിതം ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ സാന്ത്വന പരിചരണം പദ്ധതിയിൽ (43/23) മരുന്നുകൾ ലഭ്യമാക്കുന്നതിനായി (PF No. 2630 Dated 29-11-22 ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ന് 150609 രൂപ (ബിൽ നം,56/11.1.23) നല്കിയതിൽ 95047 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.ഇനി ബാക്കി 55562 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്. അതുപോലെ (PF No. 4277 Dated 7-2-2023)കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ന് 133713 രൂപ (ബിൽ നം,56/11.1.23) നല്കിയതിൽ 111028 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 22685 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്. ബാക്കി തുകകൾക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ.03.12.2004 പ്രകാരം പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.4, തീയതി 31.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പി എച്ച് സി നെന്മണിക്കര ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി 2007 -ൽ സ്ഥാപിതമായിട്ടുണ്ട്. എച്ച്.എം.സി യുടെ 2020-21 വരെയുള്ള കണക്കുകൾ സമർപ്പിക്കുകയും ആയതിന്റെ ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2) ആയുഷ് (എൻ എച്ച് എം) പി എച്ച് സി ഹോമിയോപ്പതി എന്ന സ്ഥാപനത്തിൽ എച്ച് എം സി രൂപീകരിച്ചിട്ടുണ്ട്. 20.06.2022-ാം തിയ്യതി നടന്ന നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 2(1) തീരുമാന പ്രകാരം 25-7-2022 നാണ് എച്ച് എം സി രൂപീകരിച്ചിട്ടുള്ളത്. വാർഷികധനകാര്യ പത്രിക ഇതു വരെ സമർപ്പിച്ചിട്ടില്ല. രോഗികളിൽ നിന്ന് 5 രൂപ വീതം ഈടാക്കുന്നുണ്ട്. (നിർബന്ധ പിരിവ് അല്ല) മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം ഒരുമിച്ച് പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

3) ആയുഷ് എൻ എച്ച് എം പിഎച്ച്സി ആയുർവേദ എന്ന സ്ഥാപനത്തിൽ എച്ച് എം സി രൂപീകരിച്ചിട്ടുണ്ട്. 25-07-2022 നാണ് എച്ച് എം സി രൂപീകരിച്ചിട്ടുള്ളത്. മാസത്തിൽ ഒരു തവണ വെച്ച് രോഗികളിൽ നിന്ന് 5 രൂപ വീതം ഈടാക്കുന്നുണ്ട്. ഈ തുക അന്നന്ന തന്നെ പഞ്ചായത്തിൽ അടച്ചുവരുന്നു. ബാങ്ക് അക്കൗണ്ട്

തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## 1-19 കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

താഴെ പറയുന്ന കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1.22-4-22ലെ അജണ്ട-6, തീരുമാനം-1

വിവിധ കാനകളുടെ അറ്റകുറ്റപ്പണികൾ വഴി നീക്കം ചെയ്ത 18.94 ക്യൂബിക് മീറ്റർ കരിങ്കല്ലും, പദ്ധതി നമ്പർ 61/22 തലോർ ജറുസലേം കോനിക്കര പാലം നിർമാണം പ്രവൃത്തിയിൽ നീക്കം ചെയ്ത 37.30 ക്യൂബിക് മീറ്റർ മണ്ണും ലേലംചെയ്യുന്നതിന് സെക്രട്ടറിയെ മേൽപ്രകാരം ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, മണ്ണ് സിമി ജോജി, കണ്ടൻ വീട്, മടവാക്കര എന്നവർ വാല്യുവേഷൻ തുകയേക്കാൾ കൂടിയ തുകയായ 9020/ രൂപയ്ക്ക്, 23-5-22ൽ ലേലത്തിൽ എടുത്തതായി അറിയിച്ചിട്ടുണ്ട്. 18.94ക്യൂബിക് മീറ്റർ കരിങ്കല്ല്, 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സൈഡ് കെട്ടുന്നതിന് ഉപയോഗിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്. കരിങ്കല്ലിന്റെ വിനിയോഗവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 5-11-22ലെ അജണ്ട-1, തീരുമാനം-4

നെൻമണിക്കര ഗ്രാമപഞ്ചായത്ത്, 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ, പ്രൊജക്ട് നം.83/20ൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തിക്കായി, 4,00,000/ രൂപാ കേരളാ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആയതിൽ വാർഡ് മൂന്നിലെ തലവണിക്കര ഡെക്കർ റോഡിൽ നിന്നും മടവാക്കര പള്ളിപ്പുറം റോഡിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഈ വർക്ക് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക , 2022-23 വർഷത്തെ പദ്ധതി നം.50ന്റെ ഭാഗമായി, ജി ഐ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് 15.90ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തിയോടൊപ്പം പി വി സി പൈപ്പുകൾ സ്ഥാപിക്കേണ്ടയിടങ്ങളിൽ ആയത് സ്ഥാപിക്കുന്നതിന് വേണ്ടി വിനിയോഗിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചിരുന്നു.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.1/31.07.2023).

## 1-20 പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ട സേവനങ്ങളിൽ വരുന്ന പ്രവർത്തിക്ക് ജി എസ് ടി നൽകി.

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ പ്രൊജക്ട് നം. 39/23, കായൽതോട് ആഴംകൂട്ടലും വൃത്തിയാക്കലും – രണ്ടാം ഘട്ടം എന്ന പ്രവർത്തിയിൽ, കരാറുകാരൻ ജോർജ്കുട്ടി.കെ.എം എന്നയാൾക്ക് തുക നൽകിയപ്പോൾ 5% ജി എസ് ടി ഉൾപ്പെട്ട തുകയാണ് നൽകിയതായി കാണുന്നത്.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (“*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution”).* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ

ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ തോട്ടിൽ നിന്നും കുളവാഴ, മറ്റ് കളകൾ, ചെളി, മറ്റ് വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയ്ക്കാണ് ജി.എസ്.ടി നൽകിയിരിക്കുന്നത്. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതയ്ക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് തുക നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ.നം/പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവൃത്തിമൂല്യം | GST 5% | ബിൽ നം. | തുക |
|---|---|---|---|---|---|---|
| 1 | കെ എം ജോർജ്കുട്ടി | 34/21-22 | 4,57,469.50 | 22873.48 | 22200534,dt.25-10-22 | 49,848 |
| | | | | | 22200542,dt.29-10-22 | 4,30,495 |

ഇത് സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/3.08.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക കരാറുകാരന് ജി.എസ്.ടി ഇനത്തിൽ കൂടുതലായി നൽകിയതിനാൽ 22873 രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ചതിൽ ചെലവഴിക്കാൻ ബാക്കി തുക ഇല്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ ഇനത്തിൽ 1,12,000 രൂപ നീക്കിയിരിപ്പും ടി തുക ചെലവഴിച്ചതിന്റെ /തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 21/23 ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22200602, Dt.10-11-22 | 30,147 | 0 | 30,147 |
| കേരളാ വാട്ടർ അതോറിറ്റി | 50/23പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ജി ഐ പൈപ്പ് മാറ്റി സ്ഥാപിക്കൽ | 22200162, Dt.6-7-22 | 15,90,000 | 0 | 15,90,000 |
| ഭൂജലവകുപ്പ് | 52/23വിവിധ | 22201006, | 93648 | 0 | 93648 |

| | | | | | |
|---|---|---|---|---|---|
| | അംഗൻവാടികളിലേക്ക് കുഴൽകിണർ നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും | Dt.18-3-23 | | | |
| കെ എസ് ഇ ബി | 54/23സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ-രണ്ടാം ഘട്ടം | 22200601, Dt.10-11-22 | 258895 | 0 | 258895 |
| കെ എസ് ഇ ബി | 150/23അറയ്ക്കപ്പാടം പാടശേഖരസമിതിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിലേക്ക് മോട്ടോർ കണക്ഷൻ എടുക്കുന്നതിന് കെ എസ് ഇ ബിയ്ക്ക് തുക കൈമാറൽ | 42201029, Dt.22-9-22<br>42201049, Dt.12-10-22 | 76134<br>3866 | 0<br>0 | 76134<br>3866 |
| കേരളാ വാട്ടർ അതോറിറ്റി | 165/23നഗരസഞ്ചയ-നിലവിലുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 22201012, Dt.22-3-23 | 30,00,000 | 0 | 30,00,000 |
| കെ എസ് ഇ ബി | 207/23ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-രണ്ടാം ഘട്ടം | 42201305, Dt.28-3-23 | 20780 | 0 | 20780 |
| ഭൂജലവകുപ്പ് | 231/23അങ്കണവാടികളിൽ കുടിവെള്ള കിണർ ബോർവെൽ | 22200997/ Dt.18-3-23 | 5805 | 0 | 5805 |
| ഭൂജല വകുപ്പ് | 53/23തണൽ കോംപ്ലക്സിലെ കുഴൽ കിണറിൽ മോട്ടോർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ | 22201059, Dt.31-3-23<br>22201060, Dt.31-3-23 | 42790<br>23635 | 0<br>0 | 42790<br>23635 |

തൻവർഷം ഡെപ്പോസിറ്റ് ചെയ്തതും എന്നാൽ തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ പ്രവർത്തികളുടെ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | -- | -- | 1980000 | 628127 | 0 | 1351873 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി | | | | | | |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 23868801 |
| ഓഡിറ്റ് വർഷത്തെ വരവ് | 37983533 |
| ആകെ | 61852334 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36490235 |
| നീക്കിയിരിപ്പ് | 25362099 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22873 |

ഗ്രാമപഞ്ചായത്തിന്റെ R & P ഷെഡ്യൂൾ പ്രകാരമുള്ള വരവ്-ചെലവുകളാണ് ചേർത്തിട്ടുള്ളത്. ഇതിന്റെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 22873 | വിൻസെൻ.സി.പി. അസി.എഞ്ചിനീയർ |
| ആകെ | 22873 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിൻസെൻ.സി.പി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | ചക്കാലക്കൽ ഹൗസ്, ഐക്യ നഗർ , നടത്തറ പി.ഒ. 680 751 |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT.9-718/02 Dt.16.10.02 | 9 | 3, 9, 10, 11, 17, 18, 21, 22, 23 | SCH |
| 2 | 1997-98 ചെലവ് | LFT.16-953/99 Dt.9.4.99/8.7.99 | 1 | 13 | SCH |
| 3 | 1998-99 (ചെലവ്) | LFT.16-588/00 Dt.5.7.00/3.11.00 | 1 | 42 | |
| 4 | 1999-00 | LFT.9-789/02 Dt.18.10.02 | 1 | 52 | |
| 5 | 2000-01 2001-02 | LFT.9-1565/03 Dt.31.01.03/12.04.04 | 2 | 6,7(1,2) | Case |
| 6 | 2002-03 | LFT.9-392/03 Dt.18.6.05/9.11.5 | 3 | 3(4), 3(6), 3(7) | SCH |
| 7 | 2003-04 | LFT.9-1704/08 Dt.21.08.09 | 3 | 3(1), 3-5, 3-6(1 മുതൽ 14 വരെ) | Sch |
| 8 | 2004-05 | LFT.9-1705/08 Dt.21.8.09/7.11.09 | 3 | 3(1), 3(3) SGRY, 3(7) | CAR |
| 9 | 2005-06 | LFT.9-1550/09 Dt.25.09.10 | 2 | 3(1), 3(2) എ(6) മുതൽ എ(9) വരെ 3(2) ബി(1) മുതൽ ബി(9) വരെ | |
| 10 | 2006-07 | LFT.9-1551/09 Dt.25.09.10 | 7 | 2(1), 2(2), 3(1)എ (1,2,3,4,5) 3-1എ(6), 3(1)ബി(1) മുതൽ ബി(17) വരെ 3(3), 3(4), 3(5), | |

| | | | | | |
|---|---|---|---|---|---|
| | | | | 3(7) | |
| 11 | 2007-08 | LFT.P2-883/12 Dt.10.9.12/5.12.12 | 2 | 3-4 3-6 | |
| 12 | 2008-09 | LFT.P2-884/12 Dt.10.9.12 | 1 | 3-4(1), (2), (3), (4), (6) | |
| 13 | 2010-11 | LFT.P2-886/12 Dt.10.9.12 | 7 | 3-3,3-5,3-6,3-7, 3-8,3-9,3-11 | |
| 14 | 2011-12 | LFT.P2-371/13 Dt.16.7.13 | 5 | 3-2, 3-6, 3-10, 3-11, 3-13(1,3,5,6) | |
| 15 | 2012-13 | LFT.(P6)-188/14 Dt.11.9.14/12.11.14 | 3 | 3-6,3-7,3-9 | |
| 16 | 2013-14 | LFT.(P6)-187/15 Dt.11.5.15 | 9 | 2-2,2-4,2-7,3-1, 3-2,3-4,3-6,3-8, 3-10 | 3-10 SCH |
| 17 | 2014-15 | KSATSR(P6)-941/16 Dt.13.6.16 | 10 | 3-1,3-4,3-5,3-6, 3-7,3-8,3-9,3-11, 3-12,4-2 | 3-4 SCH |
| 18 | 2015-16 | KSATSR(P6)-1908/16 Dt.4.11.16/30.12.16 | 2 | 3-2,3-3 | |
| 19 | 2016-17 | KSATSR(P6)-1521/17 Dt.27.11.17/1.12.17 | 10 | 2-1,2-2,2-5,3-1, 3-4(2), 3-6,3-7, 3-8,3-9,4-2 | |
| 20 | 2017-18 | KSATSR(P6)-446/19 Dt.126.19/15.6.19 | 19 | 1-10, 1-12, 2-2, 2-3, 2-4,3-1,3-2, 3-3(എ),3-3(ബി), 3-4,3-5,3-6,3-8, 3-11, 3-12,4-2,4-7, 4-9, 4-10 | |
| 21 | 2018-19 | KSATSR(P9)-1728/2019 Dt.12.03.2020 | 9 | 1-12,1-13,1-15,1-17 1-20,1-22,1-24, 1-26,1-28 | |
| 22 | 2019-20 | KSATSR(P9)-843/21 Dt.02.07.2021 | 26 | 1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24,1-25, 1-26,1-27,1-29,1-30, 1-31,1-32,1-33,1-34, 1-35 | |

| | | | | | |
|---|---|---|---|---|---|
| 23 | 2020-21 | KSATSR(P10)-1037/22 Dt.03.07.2022 | 40 | 1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24,1-25, 1-26,1-27,1-28,1-29, 1-30,1-31,1-32,1-33, 1-34,1-35,1-36,1-37, 1-38,1-39,1-40,1-41, 1-42,1-43,1-44,1-45, 1-46,1-47,1-48,1-49, 3-1 | |
| 24 | 2021-22 | KSATSR(P10)-292/23 Dt.10.04.2023 | 22 | 1-10(1 മുതൽ 24 വരെ)1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24, 1-25,1-26,1-27,1-28, 1-29,1-30,1-31, | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | | 197 | | |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 13-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nenmanikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nenmanikkara Grama Panchayat for the year 2022-2023

Date: 20/09/2023

Deputy Director
District Office Thrissur
Kerala State Audit Department

## Audit Report appended to the Audit Certificate of Nenmanikkara Grama Panchayat for the Year 2022-2023.

**1.Major Observations**

1) There is difference in carrying forward of the liability amounts as per the previous year Balance sheet to current year opening balance.

2) Payment Voucher misclassification- Payment Voucher misclassification which lead to discrepancy in the outcome of
Income & Expenditure statement and also affect the financial status of institution as per Balance Sheet. An amount
of 2,60,853/ - which was given as advance for various deposit works was wrongly booked
as Capital Expenditure.

3) Account (A/c no-52250100003852) opened on 19.05.2022 in Ollur Bank of Baroda Branch for Health Grant is not

included in the Annual Financial Statement.

**2.Other Observations**

a.Comments relating to Income and Expenditure Account

Error in formula calculating excess of income over expenditure resulted in discrepancy in the value calculated as Gross Surplus/(deficit) of income over expenditure in Income and Expenditure Account.

b.Comments relating to Balance Sheet

1) Advance collection of Profession Tax, FACTEOS Licence Fee details are not entered in Demand register.

2) Depreciation heads are not properly rearranged in ILGMS and so its accuracy cannot be examined.

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

As per accepted accounting standards "Net increase in cash and cash equivalents &"Net cash generated by Operating+Investing+Financing Activity should be the same . However in the the Cash flow Statement submitted by the Panchayath these figures do not match with each other.

e.Comments relating to Ratios

The mandatory Financial Statements prescribed in Accounting Rules-Key ratios are not included as part of Annual Financial statement.

f.Comments relating to Notes to accounts

Notes to accounts are not included as part of Annual Financial statement.

g.Comments relating to Receipt Vouchers

For the amount accounted under the head Cheque deposited in the bank but not credited , no action has been taken till date.

h.Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1) Authentic certified vouchers and worksheets not maintained for all journal vouchers.

2) Without preparing monthly summary statement, journal voucher, work sheet and statutory permission in writing by the Secretary, one-time demand/reduction of demand/write-off/ exemptions are given in respect of Property tax and Rent revenue.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Nil

l. Comments relating to Demand, Collection and Balance Register

(1) The Following Demand Registers do not match with Annual Financial Statement

a) Property tax DCB Statement

Residential- Current year Collection as per sanchaya statement is 2443145 and as per annual financial statement is 2434087.

Non-residential- Current year collection and balance mismatch with accounts

| | Collection | Balance |
|---|---|---|
| As per Register | 3526445 | 122382 |
| As per Accounts | 3528098 | 122384 |

Residential-Arrear Demand as per Sanchaya DCB Statement is 8646 and as per accounts is zero.

Non-Residential-Arrear demand and balance do not match with accounts.

| | Demand | Balance |
|---|---|---|
| As per Register | 623825 | 546901 |
| As per Accounts | 554562 | 546911 |

Advance Collection Of Property Tax

| Sl No | Item | As per Accounts | As per Register |
|---|---|---|---|
| 1 | Advance collection of revenues - Property tax on Residential building | 112855 | 302964 |
| 2 | Advance collection of revenues - Property tax on Non-Residential building | 92781 | 112055 |

- Auction Register

| item | Head code | Demand | collection (As per R&P Statement) | Collection As Per Register |
|---|---|---|---|---|
| Sale of Sand | 150100199 | 9020 | 8570* | 9020 |
| Receipt from Auction of old vehicle | 150120103 | 171000 | 142780 | Register not maintained |

m. Comments relating to Asset Register

Asset register is not updated. Asset register is not prepared in such a way that it is possible to verify the existence and value of fixed assets mentioned in the balance sheet.

n. Comments Relating to Inventory and Other Registers

The following demand registers are not periodically reconciled with ledgers

- Profession tax demand register (Employees)
- Profession tax demand register (Institution)
- FACTEOS Licence register
- Rent Demand Register

DEPUTY DIRECTOR,
KERALA STATE AUDIT DEPARTMENT
DISTRICT OFFICE, THRISSUR

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം

## വാർഷിക ധനകാര്യപത്രിക -സംക്ഷിപ്തം

| | | | |
|---|---|---|---|
| Nenmanikkara Grama Panchayat<br><br>BALANCE SHEET | | | |
| As on 31-March-2023 | | | |
| Code. No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 39775413.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38743510.00 |
| | Total Reserve & Surplus | | 78518923.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8381303.00 |
| | Total Grants, Contributions for Specific Purposes | | 8381303.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1351873.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1351873.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 677079.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2080167.85 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2757246.85 |
| | TOTAL LIABILITIES | | 91009346.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 66500.00 |
| 412000000 | Capital Work in Progress | B-11(b) | 2247446.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3197664.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 10958275.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 69119259.00 |

| | | | |
|---|---|---|---|
| 416000000 | Accumulated Depreciation | B-11(a) | -31834162.00 |
| | Total Fixed Assets | | 53754982.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1911279.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25362099.00 |
| 460000000 | Loans, Advances and Deposits | B-18 | 9980986.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 37254364.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 91009346.00 |

Nenmanikkara Grama Panchayat

INCOME &EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8490623.00 |
| 120000000 | Assigned Revenues, Shared Taxes and Compensations(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 269558.00 |
| 140000000 | Fee & User Charges | I-4 | 1252719.00 |
| 150000000 | Sale & Hire Charges | I-5 | 281050.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /Subsidies | I-6 | 103963684.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 693267.00 |
| 180000000 | Other Income | I-9 | 987081.00 |
| 190000000 | Prior Period Income | I-19 | -1404719.00 |
| | Total Income | | 115937982.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12906168.00 |
| 220000000 | Administrative Expenses | I-11 | 1662915.00 |
| 230000000 | Operations & Maintenance | I-12 | 2675089.00 |
| 240000000 | Interest & Finance Charges | I-13 | 979578.00 |
| 250000000 | Decentralised Plan Programme-Productive Sector /Programme Expenses | I-14 | 4939067.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 18645048.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2924459.00 |
| 253000000 | Decentralised Plan Programme-Projects not included inSector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes(not included under Decentralized Plan Programme) | I-14(D) | 38860200.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 9099212.00 |
| 260000000 | Grants, Contributions & Compensation from Own Fund /Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets andInvestments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 5860327.00 |
| | Total Expenditure | | 98552063.00 |
| | Gross Surplus / Deficit of income over Expenditure | | 17385919.00 |
| | Gross Surplus / Deficit of income over Expenditure | | 18686438.00 |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18 | 104200.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1300519.00 |

| | | | |
|---|---|---|---|
| | Nenmanikkara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23745093.00 |
| Cash | Cash | RP-40(a) | 123708.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1724711.00 |
| 130000000 | Rental income from Panchayat Properties | RP-3 | 10500.00 |
| 140000000 | Fees & User Charges | RP-4 | 789599.00 |
| 150000000 | Sale & Hire Charges | RP-5 | 281050.00 |
| 151000000 | Receipts from Transferred Institutions | RP-6 | 17625.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11014000.00 |
| 171000000 | Interest Earned | RP-9 | 693267.00 |
| 190000000 | Prior Period Income | RP-11 | 158635.00 |
| 210000000 | Establishment Expenses | RP-12 | 1000.00 |
| 254000000 | Expenditures of Transferred Institutions and State SponsoredSchemes(not included under Decentralised PlanProgramme) | RP-19 | 52600.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13933587.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6868875.00 |
| 460000000 | Loans, Advances and Deposits | RP-49 | 111805.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 987291.00 |
| 340000000 | Deposits Received | RP-33 | 252235.00 |
| 350000000 | Other Liabilities | RP-35 | 1086753.00 |
| | Grand total | | 61852334.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 13640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1331790.00 |
| 415000000 | Annual plan - Capital Expences (Infrastructure Sector) | RP-42 | 20325.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 1124744.00 |
| 460000000 | Loans, Advances and Deposits | RP-49 | 1346965.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 27645.00 |
| 350000000 | Other Liabilities | RP-35 | 32625126.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25362099.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 61852334.00 |

**DEPUTY DIRECTOR**
**KERALA STATE AUDIT DEPARTMENT**
**DISTRICT AUDIT OFFICE, THRISSUR**